വ്യവസായ മേഖലയിൽ കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കിയിട്ടുള്ള പുതിയ പദ്ധതികൾ

25 (*265) ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വ്യവസായ മേഖലയിൽ മികവുറ്റ പ്രൊഫഷണലിസവും ആധുനികവും പുതുമയാർന്നതുമായ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന് കെ. എ സ്. ഐ. ഡി. സി. എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) വിനോദവും ടൂറിസവും സംയോജിപ്പിച്ചുകൊണ്ട് വൻകിട അമ്യൂസ്മെന്റ് പാർക്കുകളുൾപ്പെടെ എന്തൊക്കെ പുതിയ സംരംഭങ്ങൾക്ക് ഇത്തരത്തിൽ പ്രോത്സാഹനം നൽകാനായിട്ടുണ്ട് ;

(സി) വൻ പുരോഗതി പ്രതീക്ഷിക്കുന്ന ടൂറിസം മേഖലയിൽ ഏതൊക്കെ തരത്തിലുള്ള വ്യവസായ സംരംഭങ്ങൾക്ക് നേതൃത്വം നൽകുവാനാണ് കെ.എസ്.ഐ.ഡി.സി. ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) ഇതിനു പുറമേ മറ്റേതൊക്കെ മേഖലകളിലെ, പുതിയ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകാൻ കെ.എസ്.ഐ.ഡി.സി. പദ്ധതി തയ്യാറാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) :

(എ) സംസ്ഥാനത്തെ പ്രമുഖ വ്യവസായ പ്രോത്സാഹന ഏജൻസിയായ കെ.എസ്.ഐ.ഡി.സി. വ്യവസായം വളർത്തുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രധാനമായും പുതിയ വ്യവസായ ആശയങ്ങൾ വളർത്തുക, ഉചിതമായ പദ്ധതികൾ കണ്ടെടുക്കുക, അവയ്ക്ക് ആവശ്യമായ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകുക എന്നിവയാണ്. കൂടാതെ കൺസൾട്ടൻസി സേവനം നൽകുകയും ഇടത്തരം വൻകിട വ്യവസായങ്ങൾക്ക് ഏകജാലക സംവിധാനത്തിലൂടെ ക്ലിയറൻസ് നൽകുന്നതിനുള്ള നോഡൽ ഏജൻസിയായും പ്രവർത്തിക്കുന്നു. കൂടാതെ അവയ്ക്ക് ആവശ്യമായ ഭൂമിയും സാമ്പത്തിക സഹായവും കെ.എസ്.ഐ.ഡി.സി. നൽകുന്നതാണ്.

(ബി) കെ.എസ്.ഐ.ഡി.സി.-യുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കിയ അമ്യൂസ്മെന്റ് പാർക്കുകൾ പോലുള്ള പുതിയ പദ്ധതികൾ താഴെപ്പറയുന്നു:

1. കാപ്പിക്കോ കേരള റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, ആലപ്പുഴ
2. കെ.ജി.എ. എസ്റ്റേറ്റ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം.
3. ഗ്രീൻ ഗേറ്റ് വേ ലെഷർ ലിമിറ്റഡ്, കാസർഗോഡ്

LIBRARY ARCHIVES Kerala Legislative Assembly

4. അവേദ റിസോർട്ട്സ് & സ്പാ പ്രൈവറ്റ് ലിമിറ്റഡ്, കോട്ടയം.

5. കുമരകം അക്വ സെറീൻ പ്രൈവറ്റ് ലിമിറ്റഡ്, കോട്ടയം.

6. സിൽവർ കാസ്റ്റിൽ ഹോളിഡെയ്സ് & റിസോർട്ട്സ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്, വയനാട്.

7. അബാദ് ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം.

8. സീ ലഗൂൺ ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം.

9. ട്രാവൽ സ്പേസ് ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം.

10. ഹോട്ടൽ ടെക് ട്രേഡേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം.

(സി) റിസോർട്ട്, ഹെറിറ്റേജ് വില്ലേജ് തുടങ്ങിയ പദ്ധതികൾക്കാണ് ടൂറിസം മേഖലയിൽ കെ.എസ്.ഐ.ഡി.സി. പ്രോത്സാഹനം നൽകുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) ആരോഗ്യം, വിവരസാങ്കേതികവിദ്യ, ലൈറ്റ് എൻജിനീയറിംഗ്, ഭക്ഷ്യ സംസ്ക്കരണം, ബയോടെക്നോളജി, ലോജിസ്റ്റിക്സ്, റീറ്റെയിലിംഗ് തുടങ്ങിയ മേഖലകളിലെ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകാനാണ് കെ.എസ്.ഐ.ഡി.സി. ഉദ്ദേശിക്കുന്നത്.

സാംസ്കാരിക പ്രവർത്തകരുടെ ക്ഷേമത്തിനായി ക്ഷേമനിധി ബോർഡ്

26 (*266) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്കാരിക പ്രവർത്തകരുടെ ക്ഷേമത്തിനായി ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ ഈ ബോർഡ് എപ്പോൾ രൂപീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ക്ഷേമനിധിയിലൂടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാനുദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ ക്ഷേമനിധിയിൽ അംഗമാകുന്നതിന് എന്തെല്ലാം നടപടി ക്രമങ്ങൾ പാലിക്കേണ്ടതുണ്ടെന്ന് വിശദമാക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) "2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട്" എന്ന പേരിൽ കേരള നിയമസഭ പാസ്സാക്കിയ ആക്ടിലെ സെക്ഷൻ 8 (4) വ്യവസ്ഥ ചെയ്യുന്ന പ്രകാരം നിധിയുടെ നടത്തിപ്പിനായി 22 പേരുള്ള ഒരു ബോർഡ് 14-2-2011-ൽ രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly